**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 300** **29-01-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ സാധനങ്ങളുടെ വാതിൽപടി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരമുള്ള റേഷൻ സാധനങ്ങളുടെ വാതിൽപടി വിതരണം സപ്ലൈകോയിൽ നിന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | പരിശോധിച്ചു വരുന്നു. |
| (ബി) | വാതിൽപ്പടി വിതരണം നിർവ്വഹിക്കുന്നതിനായി സംസ്ഥാന സർക്കാർ സപ്ലൈകോയ്ക്ക് നൽകി വരുന്ന പ്രതിമാസ ചെലവ് എത്രയാണെന്നും അവ ഏതെല്ലാം ഇനങ്ങളിലാണ് നൽകിവരുന്നതെന്നും വിശദമാക്കാമോ; | (ബി) | റേഷൻ വാതിൽപ്പടി വിതരണം നിർവ്വഹിക്കുന്നതിനായി, ഗതാഗത കൈകാര്യ ചെലവുകൾക്ക് Transportation & Handling, Rent of Godowns and offices, Salary/Wage, other expenses Stationery, maintainance etc, Mill cleaning എന്നീ ഇനങ്ങളിൽ പ്രതിമാസം ശരാശരി 21 കോടി രൂപയും ശമ്പളയിനത്തിൽ പ്രതിമാസം ശരാശരി 2.40 കോടി രൂപയും സപ്ലൈകോയ്ക്ക് നൽകി വരുന്നു. |
| (സി) | റേഷൻ വിതരണത്തിനായി സപ്ലൈകോയ്ക്ക് എത്ര തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ടെന്നും ഇതിനായി ശമ്പളയിനത്തിൽ എത്ര തുകയാണ് സർക്കാർ സപ്ലൈകോയ്ക്ക് പ്രതിമാസം നൽകി വരുന്നതെന്നും വ്യക്തമാക്കാമോ; | (സി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി 27.01.2018-ലെ സ.ഉ(കൈ)നം.05/2018/ഭ.പൊ.വി.വ ഉത്തരവു പ്രകാരം 318 തസ്തികകൾ സപ്ലൈകോയിൽ സൃഷ്ടിക്കുകയും ആയതിൽ 42 തസ്തികകൾ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ വഴി നിയമിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. |
| (ഡി) | റേഷൻ വിതരണം സപ്ലൈകോയിൽ നിന്ന് പൊതുവിതരണ വകുപ്പ് ഏറ്റെടുക്കുന്നതിലൂടെ നിലവിൽ ചെലവാക്കപ്പെടുന്ന തുകയിൽ നിന്ന് എത്ര തുക സർക്കാരിന് ലാഭിക്കാൻ കഴിയുമെന്നാണ് പൊതുവിതരണ വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്; വിശദമാക്കാമോ; | (ഡി) | റേഷൻ വിതരണം സപ്ലൈകോയിൽ നിന്ന് പൊതുവിതരണ വകുപ്പ് ഏറ്റെടുക്കുന്നതിലൂടെ നിലവിൽ ചെലവാക്കപ്പെടുന്ന തുകയിൽ നിന്ന് പ്രതിമാസം 42.30 ലക്ഷം രൂപയും പ്രതിവർഷം 5.07 കോടി രൂപയും സർക്കാരിന് ലാഭിക്കാൻ കഴിയുമെന്നാണ് പൊതുവിതരണ വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്. |
| (ഇ) | പൊതുവിതരണ വകുപ്പ് സമർപ്പിച്ച പ്രസ്തുത റിപ്പോർട്ട് | (ഇ) | പൊതുവിതരണ വകുപ്പ് സമർപ്പിച്ച റിപ്പോർട്ട് |

| | | | |
|---|---|---|---|
| | സർക്കാരിന്റെ പരിഗണനയിലുണ്ടോ;<br>വിശദമാക്കാമോ? | | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ